ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി 2015 സെപ്റ്റംബർവരെ പിൻവലിച്ച തുക 52703.47 കോടി രൂപയാണ്. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ട്രഷറിയിൽനിന്നും പിൻവലിക്കപ്പെടുകയും എന്നാൽ ട്രഷറി അക്കൗണ്ടുകളിൽ ചെലവാകാതെ കിടക്കുകയും ചെയ്യുന്ന തുക 404.88 കോടി രൂപയാണ്.

(സി) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 43 ശതമാനവും 40 ശതമാനവും 11 ശതമാനവും മാത്രമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമവകുപ്പിലെ പദ്ധതി ചെലവ് 17 ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പിലേത് 32 ശതമാനവും പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതുവിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവന നിർമ്മാണം (42 ശതമാനം) എന്നിവയായിരുന്നു.

പെൻഷൻ പ്രായം

96 (101) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായമാണ് ഉയർത്തിയിട്ടുള്ളത്, വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ ഏകീകരണം ഒഴിവാക്കുകയും ഡോക്ടർമാരുടെയും ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ്, സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെയും അഗ്രികൾച്ചർ ഇൻകം ടാക്സും സെയിൽസ്ടാക്സും അപ്പലേറ്റ് ടൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറുടെയും പെൻഷൻ പ്രായം താഴെ പറയും പ്രകാരം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട് :

1. 26-3-2012-ലെ സ.ഉ. (അ)നമ്പർ 183/2012/ധന. ഉത്തരവ് പ്രകാരം പൊതുവായി സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഏകീകരണം ഒഴിവാക്കി 56 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.
2. 31-10-2014-ലെ സ.ഉ. (അ)നമ്പർ 469/2014/ധന ഉത്തരവ് പ്രകാരം 1-1-2013 നോ അതിനുശേഷമോ സർക്കാർ സർവ്വീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെ പെൻഷൻപ്രായം 60 വയസ്സായി വർദ്ധിച്ചിപ്പിച്ചിട്ടുണ്ട്.
3. 30-3-2012-ലെ സ.ഉ.(കൈ)നമ്പർ 105/2012/ എച്ച്&എഫ്. ഡബ്ല്യു.ഡി. പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻപ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.
4. 7-4-2012-ലെസ.ഉ.(കൈ)നമ്പർ 107/2012/എച്ച്&എഫ്. ഡബ്ല്യു.ഡി. പ്രകാരം ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.
5. 9-4-2012-ലെസ.ഉ.(കൈ)നമ്പർ108/2012/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.
6. 26-2-2014-ലെ സ.ഉ. (കൈ) നമ്പർ 31/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7 27-2-2014-ലെ സ.ഉ. (കൈ) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

8. 4-1-2014-ലെ സ.ഉ. (കൈ) നമ്പർ 8/2014/ആ.കു.വ പ്രകാരം സർക്കാർ നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

9. 30-4-2014-ലെ സ.ഉ. (കൈ) നമ്പർ 131/2014/ആ.കു.വ. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

10. 30-5-2014-ലെ സ.ഉ. (കൈ) നമ്പർ 160/2014/ആ.കു.വ പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

11. 28-7-2014-ലെ സ.ഉ. (കൈ) നമ്പർ 134/2012/റ്റി.ഡി. പ്രകാരം അഗ്രികൾച്ചർ ഇൻകം ടാക്സും സെയിൽ ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറുടെ പെൻഷൻപ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

സാമ്പത്തിക അച്ചടക്കം നടപ്പിലാക്കുന്നത് സംബന്ധിച്ച്

97 (103) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക കാര്യത്തിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എടുത്ത പ്രമുഖ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) ഈ രംഗത്ത് സർക്കാരിന്റെ പരിഗണനയിലുള്ള മറ്റ് പരിപാടികൾ വെളിപ്പെടുത്താമോ ;

(സി) തീരുമാനങ്ങളിൽ ഏതെങ്കിലും പൂർണമായും നടപ്പാക്കാൻ സാധ്യമാകുകയുണ്ടായോ ; നടപ്പിലാക്കാൻ കഴിഞ്ഞവ ഏതെല്ലാം; മന്ത്രിമാരുടെ എണ്ണത്തിൽ കുറവ് വരുത്തുകയുണ്ടായോ; എ.ഡി.ജി.പി.മാരുടെ തസ്തികകൾ എത്ര കുറച്ചു; ഏതെല്ലാം പാഴ് ചെലവുകൾ വെട്ടിച്ചുരുക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly